കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി-11-1715/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി. 30-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി-11-1715 /2017 തിയ്യതി:-30/10/2017

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ
2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.11.2016 മുതൽ 30.6.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : പി.എം.രതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 03.08.2017 മുതൽ 11.08.2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |
| | കുമാരി.പി.കാർത്തിക (9.8.17 മുതൽ) | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബബിത.എ.കെ | 1-4-2016 മുതൽ 31-3-2017 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | അമിത.സി.ഒ | 01.04.16 മുതൽ 21.09.16 വരെ |
| | ബീഗം സൈന.ബി | 22.09.16 മുതൽ 09.12.16 വരെ |
| | അമിത.സി.ഒ | 10.12.16 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ജോർജ്ജ് സ്വീറ്റ് | 1.4.16 മുതൽ 31.5.16 വരെ |
| | ശ്രീ.അരുൺ.ടി.ടി | 31.5.16 മുതൽ 05..7.16 വരെ |
| | ശ്രീമതി.മഞ്ജു.എസ്.പി | 05.07.16മുതൽ 03.08.16 വരെ |
| | ശ്രീ.എൻ.ജി.വ്യാസ് | 03.08.16മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സേതു.എസ് | 01.04.16മുതൽ 31.03.17വരെ |
| വി.ഇ.ഒ. | ശ്രീ.കൃഷ്ണദാസ്.പി | 01.04.16 മുതൽ 8.7.16വരെ |
| | ശ്രീമതി.ശാന്തി.എം | 09.07.16 മുതൽ 31.03.17വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.പ്രമീള.ടി.കെ | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ഡീനഡേവിഡ് | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.ഷീജ | 01.04.16മുതൽ 31.03.17വരെ |

| | | |
|---|---|---|
| ഹോമിയോ | | |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. സീമ | 01.04.16മുതൽ 31.03.17വരെ |
| വെറ്ററിനറി സർജൻ | ഡോ.നാരായണൻ.വി | 01.04.16 മുതൽ 31.03.17വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രാധിക.സി | 01.04.16 മുതൽ 31.03.17വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ്.എം | 01.04.16മുതൽ 31.03.17വരെ |
| പ്രധാന അധ്യാപികൻ | ശ്രീ.അബ്ദുൾകലീലുൾറഹ്മാൻ | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | രാധാകൃഷ്ണൻ. | 01.04.16മുതൽ 31.03.17വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.16-ന് തീരുമാനം നം.1 പ്രകാരവും പുതുക്കിയ ബജറ്റ് 14.10.16-ലെ തീരുമാനം നം.4-പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 21.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 9336111.00

വരവ് - ₹. 76084031.00

ആകെ - ₹. 85420142.00

ചെലവ് - ₹. 63434390.00

നീക്കിയിരിപ്പ് - ₹. 21985752.00

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17154850 | 17154850 | 15947203 | 1207647 | 0 | 93 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4067868 | 4067868 | 3120900 | 946968 | 0 | 77 |
| വികസനഫണ്ട് ടി.എസ്..പി. | 0 | 1658430 | 1658430 | 1050600 | 607830 | 0 | 63 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 11870796 | 11870796 | 1835000 | 10035796 | 0 | 15 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4549002 | 4549002 | 3572102 | 976900 | 0 | 79 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9621280 | 9621280 | 6164103 | 3457177 | 0 | 64 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 4241500 | 4241500 | 1836463 | 2405037 | 0 | 43 |
| പെർഫോമൻസ് ഗ്രാന്റ് (state) | 0 | 1324169 | 1324169 | 0 | 1324169 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 130 | 61364337 | 67 | 33173318 | 63 | 51% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 3891166 | 723121 |
| വെറ്ററിനറി സർജൻ | 2 | 2 | 515002 | 368000 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 2 | 188920 | 54591 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 50000 | 50000 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 350000 | 350000 |
| വി.ഇ.ഒ. | 8 | 7 | 12097200 | 10137100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 4833106 | 4644817 |
| പ്രധാന അധ്യാപിക | 3 | 3 | 1755900 | 1735900 |
| സെക്രട്ടറി | 21 | 14 | 6424865 | 4675763 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 20 | 25832748 | 7008026 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 5425430 | 3426000 |
| ആകെ | 130 | 67 | 61364337 | 33173318 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3310565 | 5900429 | 2589864 | (+) 78.23 |
| നികുതിയേതര വരവുകൾ + മറ്റുവരവുകൾ | 2644903 | 3390416 | 745513 | (+)28.18 |
| ആകെ | 5955468 | 9290845 | 3335377 | (+)56 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസത്തിന് കാരണം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 18 | 15 | 3 | - |
| 2 | തൊഴിൽ രഹിത വേതനം | 5 | 3 | 2 | - |
| 3 | വിധവാ പെൻഷൻ | 113 | 112 | 1 | - |
| 4 | വികലാംഗ പെൻഷൻ | 34 | 27 | 3 | 4 , 04.03.17 നം 29.4.17 നം അന്വേഷണത്തിനായി പി.എച്ച്.സി.യിലേക്കു നൽകിയവ തിരികെ ലഭിച്ചിട്ടില്ല. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 14 | 3 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 486 | 340 | 146 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.8.17-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20470/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9. 8. 17 | 1.6.2017 to 31.7.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.8.2006 | 1997-98 to 2005-06 | 10.11.2006 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല.

എ) - 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|
| നാട്ടുകൽ പോസ്റ്റ്ഓഫീസ് | രണ്ടാം അർദ്ധവർഷം |
| അത്തിക്കോട് പോസ്റ്റ്ഓഫീസ് | രണ്ടാം അർദ്ധവർഷം |
| പി.ഡി.സി. ഈവനിംഗ് ബ്രാഞ്ച് | രണ്ടാം അർദ്ധവർഷം |
| കാനറബാങ്ക് എരുത്തേമ്പതി | രണ്ടാം അർദ്ധവർഷം |
| കൊശമറ്റം ഫൈനാൻസ് | രണ്ടാം അർദ്ധവർഷം |
| കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോ ഓപ്പ്റേറ്റീവ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| മറിയ ക്ലിനീക്ക് പള്ളിത്തെരുവ് | രണ്ടാം അർദ്ധവർഷം |
| എൽ.ഐ.സി കളക്ഷൻ സെന്റർ , കൊഴിഞ്ഞാമ്പാറ | രണ്ടാം അർദ്ധവർഷം |
| അനുവിശ്രു ക്ലിനീക്ക് | രണ്ടാം അർദ്ധവർഷം |

| | |
|---|---|
| ഈസാഫ് ഹോസ്പിറ്റൽ കൊഴിഞ്ഞാമ്പാറ | രണ്ടാം അർദ്ധവർഷം |
| അസിസ്റ്റന്റ് പ്രോജക്റ്റ് ഓഫീസർ,<br>റീജ്യണൽ എ.ഐ സെന്റർ, കൊഴിഞ്ഞാമ്പാറ | രണ്ടാം അർദ്ധവർഷം |
| മെഡിക്കൽ ഓഫീസർ, വണ്ണാമട | രണ്ടാം അർദ്ധവർഷം |
| ആർ.ബി.സി.സെക്ഷൻ-1, 2, 3 | രണ്ടാം അർദ്ധവർഷം |
| ടി.സി. സെക്ഷൻ, വേലന്താവളം | രണ്ടാം അർദ്ധവർഷം |
| പൂരം ഫിൻസെർവ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| മാനേജർ,ഗാലക്സി ഓഡിറ്റോറിയം | ഒന്നാം അർദ്ധവർഷം |
| ബ്രാഞ്ച് മാനേജർ,<br>മുദ്ര മൈക്രോഫൈനാൻസ് പ്രൈവറ്റ് ലിമിറ്റഡ്. | ഒന്നാം അർദ്ധവർഷം |
| ഇൻഡ്യൻ അസ്സോസ്സിയേഷൻ<br>ഫോർ സേവിംഗ്സ് ആന്റ് ക്രെഡിറ്റ്സ് | ഒന്നാം അർദ്ധവർഷം |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഈടാക്കാത്ത അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) - താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പൂരം ഫിൻസെർവ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| ഇൻഡ്യൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| ബി.എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധവർഷം |
| മുത്തൂറ്റ്ഫിൻകോർപ്പ് കണ്ണൻമേട്. | ഒന്നും രണ്ടും അർദ്ധവർഷം |
| മണപ്പുറം ഫൈനാൻസ് ലിമിറ്റഡ്,<br>കൊഴിഞ്ഞാമ്പാറ | രണ്ടാം അർദ്ധവർഷം |
| മധുര മൈക്രോഫൈനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| ഇസാഫ് സ്വാശ്രയ് മൾട്ടിസ്റ്റേറ്റ്<br>കോ ഓപ്പ്റേറ്റീവ് ക്രഡിറ്റ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |
| കാനറബാങ്ക്, എരുത്തേമ്പതി ബ്രാഞ്ച് | ഒന്നാം അർദ്ധവർഷം |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-2 വാടക , ലേലം അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിലെ വാടക, ലേലം എന്നീ ഇനങ്ങളിലെ വരവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) - 14.03.16 ന നടന്ന ലേലത്തിൽ മാർക്കറ്റ് ഫീസ് പിരിവിനുള്ള അവകാശം ലേലം കൊണ്ട സുൽത്താൻ ഇബ്രാഹിം ലേലതുകയായ 54000 രൂപയിൽ 27000 രൂപ രസീതി നമ്പർ 11503112619 പ്രകാരം 11.03.16-ന് അടച്ചിട്ടുണ്ട്. ബാക്കി 27000- രൂപ ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് അടയ്ക്കേണ്ടതായിരുന്നുവെങ്കിലും, ആയത് അടച്ചിട്ടില്ല.

2)- ഉഴവർചന്തയിലെ മുറികൾ ലേലം ചെയ്തതിലെ അപാകതകൾ.

ഉഴവർചന്തയിലെ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് അനുവദിച്ചതിൽ കുടിശ്ശിക നിലനിൽക്കുന്നു.

| ലേല തീയതി/മുറി നമ്പർ | ലേലം കൊണ്ട വ്യക്തി/മാസ വാടക | ആകെ അടവാക്കേണ്ട വാടക | അടവാക്കിയ വാടക തുകയുടെ വിശദാംശങ്ങൾ (രസീതി നം/തീയതി) | അടവാക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 25.10.16/3 | സിറാജുദ്ദീൻ/ 3000 രൂ. | 15000 രൂ. | 1)5000/-രൂ. 11603106329/26.10.16 പ്രകാരം 11,12 മാസങ്ങളിലേയ്ക്ക്.<br><br>2) 9000/-രൂ. 11603106330/26.10.16 പ്രകാരം 1,2,3 മാസങ്ങളിലേയ്ക്ക്. | 1000 രൂ. (മാർച്ച് മാസത്തെ വാടകയിലെ ബാക്കി തുക) |
| 25.10.16/4 | സിറാജുദ്ദീൻ/ 3000 രൂ. | 15000 രൂ. | 1) 9000/-രൂ. 11603106331/26.10.16 പ്രകാരം 11, 12, 1 മാസങ്ങളിലേയ്ക്ക്. | 6000 രൂ. (ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക) |
| 25.10.16/ വലതു വശത്തെ മുറി നം.3 | ജാക്കിർ ഹുസൈൻ/ 2500 രൂ. | 12500 രൂ. | 5000/-രൂ. 11603106362/26.10.16 പ്രകാരം 11,12 മാസങ്ങളിലേയ്ക്ക്. | 7500 രൂ. (ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക) |
| ആകെ | | | | 14500/- |

3) ബസ് വെയിറ്റിംഗ് ഷെഡിലെ മുറികൾ വാടകയ്ക്ക് അനുവദിച്ചതിലെ അപാകതകൾ.

ബസ് വെയിറ്റിംഗ് ഷെഡിലെ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് അനുവദിച്ചതിൽ വാടക കുടിശ്ശിക

നിലനിൽക്കുന്നു.

| ലേല തീയതി/മുറി നമ്പർ | ലേലം കൊണ്ട വ്യക്തി/മാസ വാടക | ആകെ അടവാക്കേണ്ട വാടക | അടവാക്കിയ വാടക തുകയുടെ വിശദാംശങ്ങൾ (രസീതി നം/തീയതി) | അടവാക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ (എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപ് അടവാക്കിയില്ലെങ്കിൽ പ്രതിമാസം 18% പലിശ) |
|---|---|---|---|---|
| 11.07.16/3 | ഹബീബ/ 7100 രൂ. | 56800/- രൂ. (7100 x 8 മാസം) | 25000/-രൂ. 11603102598/11.07.16 പ്രകാരം | വാടക കുടിശ്ശിക 35500 + പിഴ പലിശ ഏതുമാസമാണോ വാടക കുടിശ്ശിക അടവാക്കുന്നത് ആ മാസം വരെയുള്ള പിഴ പലിശ ഈടാക്കേണ്ടതാണ്. |
| 11.07.16/1 | മുഹമ്മദ് മുബാറക്ക്/ 7800 രൂ. | 62400 രൂ. (7800 x 8 മാസം) | 1) 25000/-രൂ. 11603102593/11.07.16 പ്രകാരം. 2) 38960/-രൂ. 11603112569/28.03.17 പ്രകാരം. | നവംബർ മുതൽ മാർച്ച് വരെയുള്ള 5 മാസങ്ങളിലെ വാടക 28.03.17-ന് അടവാക്കിയതിനാൽ പിഴ പലിശയായി 3393/-രൂപ കൂടി അടവാക്കേണ്ടതാണ്. |
| ആകെ | | | | 38893/-രൂ. |

4) - ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്കു നൽകിയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ RBC സബ്ഡിവിഷൻ , അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവരുമായി കരാർ ചമച്ചിട്ടില്ല .അസിസ്റ്റന്റ് ലേബർ ഓഫീസർക്കു മുറി വാടകക്കു നൽകിയതിൽ 5% വാർഷിക വർദ്ധന വരുത്തിയിട്ടില്ല. 2015-16ലും 2016-17 ലും 652/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. 28.3.17 ന് വാടക 7824/- രൂപ അടച്ചെങ്കിലും പലിശ അടച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുറികളുടെ വാടകകുടിശ്ശികയിനത്തിൽ ഈടാക്കാനുള്ള വാടക തുകയും പിഴ പലിശയും ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ച 53393/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

എ) 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ പട്ടിക V പ്രകാരം ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ്

അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ നിരവധി സ്ഥാപനങ്ങൾക്ക് ഈ വ്യവസ്ഥ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|
| ശ്രീമതി.സത്യഭാമ, w/o.അപ്പു, നാട്ടുകൽ | ഹോട്ടൽ സന്ധ്യ |
| ശ്രീമതി. പ്രസന്ന, w/o.ജനാർദ്ദനൻ, വെള്ളക്കാരൻചള്ള | ശ്രീ ശക്തി വനിതാ കാന്റീൻ |

ബി)- താഴെ പറയുന്ന സ്ഥാപനത്തിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ലൈസൻസ് ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

| പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|
| ശ്രീ.കനകരാജ് s/o.മാരിയപ്പ ഗൗണ്ടർ | പളനിയപ്പ സോമിൽ |

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 അനധികൃത കെട്ടിടനിർമ്മാണം -തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 4(2) പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടി ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ കെട്ടിടത്തിനും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. എന്നാൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ 5ാം വാർഡിലെ 37ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 'കൗമ' മിൽക്ക് പ്ലാന്റിൽ 10.08.2017-ന് സ്ഥലപരിശോധന നടത്തിയപ്പോൾ നിലവിലെ കെട്ടിടത്തിനു സമീപമായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തി. നിലവിൽ കെട്ടിടം ഉപയോഗക്ഷമമായ അവസ്ഥയിലാണ് കാണപ്പെട്ടത്. സഞ്ചയ സോഫ്റ്റ് വെയറിലെ ഫോം 6 പ്രകാരം നിലവിലുള്ള കെട്ടിടത്തിന് 900 m2 വിസ്തീർണ്ണമുണ്ട്. ടി

കെട്ടിടത്തിന് മാത്രമാണ് വസ്തുനികുതി അസ്സസ്സ് ചെയ്ത് ഈടാക്കിയിരിക്കുന്നത്. ആയതിന് ഡി.ആന്റ്.ഒ ലൈസൻസും അനുവദിച്ചിട്ടുണ്ട്. പുതിയതായി നിർമ്മിച്ച കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയോ കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുകയോ വസ്തുനികുതി അസസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15 തീയതി 11.08.17) മറുപടി ലഭ്യമായില്ല.



അനധികൃതമായി നിർമ്മിച്ച കെട്ടിടം

# 2-5 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ വസ്തുനികുതി ഈടാക്കി

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിനായി ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലാണ് നിർണയിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ വാർഡ് നം | ഡി&ഒ ക്രമ നം | ഉപയോഗം | വിസ്തീർണ്ണം | ബാധകമായ ഇളവ്/വർദ്ധനവ് | നിർണ്ണയിച്ച നിരക്ക്/ നിർണ്ണയിച്ച നികുതി | ഈടാക്കേണ്ട നിരക്ക് /ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 13/172 | 44 | കെമിക്കൽ ഫെർട്ടിലൈസർ, | 42 | ഇളവ് -ഇല്ല | 5 | 30 | 1155 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഇൻസെക്റ്റിസൈഡ്സ്, സിമെന്റ് സെയിൽ | | വർദ്ധനവ്- ഇല്ല | 105 | 1260 | |
| 18/207 | 49 | മുറുക്ക കച്ചവടം | 70 | ഇളവ് -70<br>വർദ്ധനവ്- 70%<br>(വഴിസൗകര്യം) | 5<br>350 | 30<br>2100 | 1750 |
| 8/189 | 122 | തയ്യൽവർക്ക് | 88 | ഇളവ് -30<br>വർദ്ധനവ്- 20%<br>(വഴിസൗകര്യം) | 5<br>396 | 30<br>2640 | 2244 |
| 7/134 | 99 | കാപ്പിപ്പൊടി | 85 | ഇളവ് -20%<br>കാലപ്പഴക്കം<br>വർദ്ധനവ്- 20%<br>(വഴിസൗകര്യം) | 5<br>425 | 30<br>2550 | 2125 |
| 13/43 | 298 | ടീ ഷോപ്പ് | 70 | ഇളവ് -40%<br>മേൽക്കൂര<br>കാലപ്പഴക്കം<br>വർദ്ധനവ്- ഇല്ല | 5<br>210 | 30<br>2100 | 1890 |
| 10/437 | 300 | ടീ ഷോപ്പ് | 33.63 | ഇളവ് -20%<br>(മേൽക്കൂര)<br>വർദ്ധനവ്- ഇല്ല | 5<br>135 | 30<br>1008.9 | 874 |
| 5/128 | 129 | ടീ ഷോപ്പ് | 30 | ഇളവ് -20%<br>വർദ്ധനവ്- 20% | 5<br>125 | 30<br>900 | 775 |
| 17/708 | 127 | ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്തു വില്പന | 95 | ഇളവ് -ഇല്ല<br>കാലപ്പഴക്കം<br>വർദ്ധനവ്- ഇല്ല | 5<br>475 | 30<br>2850 | 2375 |
| | | | | | ആകെ | **13188** | |

കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി ഉൾപ്പെടുത്താത്തതു മൂലം വസ്തുനികുതിയിൽ സാരമായ കുറവ് വന്നിട്ടുണ്ട്. മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി വാണിജ്യാവശ്യത്തിനുള്ളവ എന്ന ഇനത്തിൽ ഉൾപ്പെടുത്തി, പുനർ നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നികുതി നിർണ്ണയത്തിലെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. വസ്തു നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ച 13188/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെവസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. നിലവിൽ എത്ര മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു എന്നതു സംബന്ധിച്ച് വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. പ്രത്യേകം ടവറുകളിലല്ലാതെ ഒട്ടേറെ മൊബൈൽകമ്പനികൾ ഏകോപിച്ച് ഏതെങ്കിലുമൊരു ടവറിൽ പ്രവർത്തിക്കുന്ന രീതിയാണെന്ന് 04-08-2017-ന് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ- 1) ത്തിനു മറുപടി നൽകിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ പ്രവർത്തനം സംബന്ധിച്ച് കൃത്യമായ വസ്തുതകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് അനധികൃത ടവറുകൾ നിർദ്ദിഷ്ട റഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ്- ഗ്രാമപഞ്ചായത്തിന് അധികബാധ്യത

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 26 കുടിവെള്ള പദ്ധതികളിലായി ആകെ 2238 ഗാർഹിക കണക്ഷനുകളും 9 വ്യാവസായിക കണക്ഷനുകളുമാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 100 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 200 രൂപയുമാണ് വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. ഓരോ പദ്ധതിക്കു കീഴിലും യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ

എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ് 2711400 രൂപയാണ്. തൻവർഷ വരവ് 1020929/- രൂപയും കുടിശ്ശിക വരവ് 243700/-രൂപയുമാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 2172711 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 487500 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 160472 |
| ആകെ | 2820683 |

വെള്ളക്കരമിനത്തിലുള്ള തൻവർഷവരവും ചെലവും തമ്മിൽ 1799754 രൂപയുടെ അന്തരം കാണുന്നു.

കുടിവെള്ളപദ്ധതികൾക്കുപുറമെ 4 ബൾക്ക് മീറ്ററുകളുടെ വെള്ളക്കരമിനത്തിൽ ശരാശരി 128568/-രൂപയും 63 പൊതുടാപ്പുകൾക്ക് വാർഷിക നിരക്ക് 5250/- രൂപ പ്രകാരം 27563/- രൂപയും പ്രതിമാസം അടയ്ക്കുന്നു. ബൾക്ക് മീറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. രണ്ട് ബൾക്ക് മീറ്ററുകളിൽ എല്ലാ മാസവും സ്ഥിരമായ ഒരേ തുകയാണ് അടയ്ക്കുന്നത്. ജല അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്തപരിശോധന നടത്തിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

ഓരോ കുടിവെള്ളപദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. വാർഷികകണക്ക് പ്രകാരം 2097780/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സർക്കാർ ഉത്തരവ് (സാ.)1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള

പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ട നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിന് അടിയന്തിരമായി സംയുക്തപരിശോധന നടത്തി ഉപയോഗ ശൂന്യമായ പൊതു കുടിവെള്ളടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 12-ാം പദ്ധതി മാർഗരേഖ ജി.ഒ. (എം.എസ്) നം.4/2016/ത.സ്വ.ഭ.വ തീ.11.01.2016 പ്രകാരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ ഭാവിയിലെങ്കിലും സ്വീകരിക്കേണ്ടതാണ്.

## 3-2 <u>അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതി-പൂർത്തീകരിക്കേണ്ടതാണ്</u>

നിർവഹണം- സെക്രട്ടറി

പട്ടികവർഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഉന്നമനത്തിനായി 2014-15 വർഷം മുതൽ നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതിയാണ് ATSP. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ സ്രാമ്പികോളനിയിലെ പട്ടികവർഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2016-17 വർഷത്തിൽ ഈ പദ്ധതിക്കായി 10800000/- രൂപ ലഭ്യമായിട്ടുണ്ട്. ഭവനപദ്ധതി, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമാണം, ഡ്രൈനേജ് നിർമാണം, കോളനിയിലെ റോഡ് നിർമാണം എന്നിവയാണ് പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.

<u>എ) എസ്.ടി കോളനി ഡ്രൈനേജ്</u>

എസ്.ടി കോളനി ഡ്രൈനേജ് നിർമാണത്തിനായി 1385000/- രൂപ അടങ്കലിൽ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പദ്ധതി ആരംഭിച്ചു. ഓഡിറ്റ് വർഷത്തിൽ

572711 രൂപ പാർട്ട് ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ബി) ഭവനനിർമാണപദ്ധതി

18 ഗുണഭോക്താക്കളെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. 350000/- രൂപ യൂണിറ്റ് കോസ്റ്റുള്ള ഭവന നിർമാണപദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചിട്ടുണ്ടെങ്കിലും ആരും നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|
| 1 | ആറാത്താൾ സ്രാമ്പികോളനി | 157500 | 192500 |
| 2 | ചിന്നപ്പൻ സ്രാമ്പികോളനി | 340000 | 10000 |
| 3 | നാഗമ്മാൾ സ്രാമ്പികോളനി | 302500 | 47500 |
| 4 | സരസ്വതി സ്രാമ്പികോളനി | 262500 | 87500 |
| 5 | ചിന്നസ്വാമി സ്രാമ്പികോളനി | 262500 | 87500 |
| 6 | ശിവലിംഗംവെള്ളച്ചൻ സ്രാമ്പികോളനി | 257500 | 92500 |
| 7 | കണ്ണമ്മാൾ സ്രാമ്പികോളനി | 157500 | 192500 |
| 8 | പൊന്നുച്ചാമി സ്രാമ്പികോളനി | 262500 | 87500 |
| 9 | മുത്തുലക്ഷ്മി സ്രാമ്പികോളനി | 262500 | 87500 |
| 10 | ആറുച്ചാമി സ്രാമ്പികോളനി | 262500 | 87500 |
| 11 | കൃഷ്ണവേൽ സ്രാമ്പികോളനി | 28000 | 70000 |

സി) ഭവന പുനരുദ്ധാരണം.

യൂണിറ്റ് കോസ്റ്റ് – 1 ലക്ഷം

18 ഗുണഭോക്താക്കൾ ഈ പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചിട്ടുള്ളതിൽ 8 പേർ

പുനരുദ്ധാരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|
| 1 | മുത്തുസ്വാമി<br>സ്രാമ്പികോളനി | 95000 | 5000 |
| 2 | വെള്ളിങ്കിരി<br>സ്രാമ്പികോളനി | 95000 | 5000 |
| 3 | കാളി<br>സ്രാമ്പികോളനി | 95000 | 5000 |
| 4 | കിട്ടുച്ചാമി<br>സ്രാമ്പികോളനി | 95000 | 5000 |
| 5 | മയിൽസ്വാമി<br>സ്രാമ്പികോളനി | 25000 | 75000 |
| 6 | മീനാക്ഷി<br>സ്രാമ്പികോളനി | 24000 | 76000 |
| 7 | നാഗമ്മാൾ<br>സ്രാമ്പികോളനി | 24000 | 76000 |
| 8 | മാരാത്താൾ<br>സ്രാമ്പികോളനി | 40000 | 60000 |

ഡി) ടോയ്ലറ്റ് നിർമാണം

യൂണിറ്റ് കോസ്റ്റ് – 25000

ആകെ തെരഞ്ഞെടുത്ത 45 ഗുണഭോക്താക്കളിൽ 22 പേർ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഗുണഭോക്താവ് ഒരു ഗഡു മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|---|
| 1 | ധർമരാജ്, s/o.ചിന്നൻ<br>സ്രാമ്പികോളനി | 10000 | 15000 |

ATSP പദ്ധതിക്കായി ലഭ്യമായ തുകയിൽ 4976799 രൂപ (ട്രഷറി ടി.എസ്.ബി.A/c.No.714041400000005) ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

പ്രൊജക്ട് നം- എസ്.ഒ.150/17 -ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ്

അടങ്കൽ - 1000000 (വികസന ഫണ്ട് (ജനറൽ))

ചെലവ് - 999765/- (ബിൽ നം. 1/24.3.17)

നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

12-ാം പദ്ധതി മാർഗ്ഗരേഖ പരിഷ്ക്കരിച്ച ഉത്തരവ് സ.ഉ.(സാധാ)നം.2037/2016/തസ്വഭവ തിയതി, 30.6.16 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ 7 ക്ഷീര സംഘങ്ങൾക്ക കീഴിലുള്ള ഗുണഭോക്താക്കൾക്ക് ₹.2.5 രൂപ പ്രകാരമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്ഷീരസംഘത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | സംഘത്തിന് നൽകിയ പാൽ അളവ് (2016 ഒക്ടോബർ) | നൽകിയ ധനസഹായം |
|---|---|---|---|
| കൊഴിഞ്ഞാമ്പാറ | 94 | 49185 | 122962 |
| കുന്നംകാട്ടുപതി | 118 | 236595 | 580960 |
| വെള്ളാരങ്കൽമേട് | 31 | 26888 | 67220 |
| പെരുംപാറച്ചള്ള | 27 | 17081 | 42702 |
| ശവരിയാർപാളയം | 115 | 32909 | 82272 |
| കൊട്ടമംഗലം | 1 | 873 | 2182 |
| മേട്ടുകട | 59 | 40587 | 101467 |
| ആകെ | 445 | 404118 | 999765 |

കുറവായി ധനസഹായം വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/08.08.17)മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-4 മരുന്ന് വാങ്ങൽ പദ്ധതി- നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവഹണോദ്യഗസ്ഥൻ-മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രൊജക്ട് നം.50/17

അടങ്കൽ-350000 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)

2016-17 വർഷത്തിൽ മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിന് ബിൽനം.1/22.11.16 പ്രകാരം 350000/- രൂപ പിൻവലിച്ച് ഔഷധിയിൽനിന്നും മരുന്ന് വാങ്ങുന്നതിനായി ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം.4249/25.3.17 പ്രകാരം (തുക-5952) ലഭ്യമാകേണ്ട ബോട്ടിലൊന്നിന് 62/-രൂപ നിരക്കിലുള്ള സപ്തസാരം കഷായം (200ml) എന്ന മരുന്ന് 96 ബോട്ടിലുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. ഇൻവോയ്സിൽ മരുന്ന് ലഭ്യമായിട്ടില്ലാത്തതായി രേഖപ്പെടുത്തുകയും ഔഷധിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

മരുന്ന് നാളിതുവരെ ലഭ്യമാവാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമായതിനു ശേഷം ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-5 എസ്.എസ്.എ-ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രൊജക്റ്റ് നം- എസ്.എസ്.എ (18/17)

നിർവഹണോദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ
അടങ്കൽ – 1530900/-(ജനറൽ)

2016-2017 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ SO 18/17 പ്രകാരം എസ്.എസ്.എ വിഹിതം നൽകുന്നതിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുകകൾ പിൻവലിച്ച് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എസ്.എസ്.എക്കു നൽകിയിട്ടുണ്ട് .

ബിൽ നമ്പർ-1/16-17, തുക-1411869, തീയതി- 19.12.16

ബിൽ നമ്പർ-2/16-17, തുക-119031, തീയതി -4.3.17

തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

തുക ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വേണ്ടി വിനിയോഗിച്ചതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 3-6 മാർഗരേഖക്കു വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കി

നിർവഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

എ)പ്രോജക്ട് നമ്പർ S0070/17- പകർച്ചവ്യാധി നിയന്ത്രണം

അടങ്കൽ – 20000 (വികസന ഫണ്ട് – ജനറൽ)

എ) കൊഴിഞ്ഞാമ്പാറ പി.എച്ച്.സി(വണ്ണാമട)ക്കു കീഴിലെ സബ്സെന്ററുകളിലും അങ്കണവാടികളിലും നടക്കുന്ന കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പ് പ്രവർത്തനങ്ങൾക്കുള്ള വാഹനവാടക നൽകുന്നതിനുവേണ്ടി ഓഡിറ്റ് വർഷങ്ങളിൽ താഴെപ്പറയും പ്രകാരം പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം. | ചെലവ് | ബിൽ നം. |
|---|---|---|
| 70/17<br>വികസന ഫണ്ട്<br>(ജനറൽ) | 15700 | 1/3.1.17, തുക-10700<br>2/29.3.17, തുക-5000 |

രേഖകൾ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ ചെലവുകളെല്ലാം വാഹനത്തിൽ ഇന്ധനം നിറക്കുന്നതിനും വാഹന വാടകക്കുമായാണ് വിനിയോഗിച്ചിരിക്കുന്നത്.

ഡിപ്പാർട്ട്മെന്റിന്റെ ഫണ്ട് ഉപയോഗിച്ചോ തനത്ഫണ്ട് ഉപയോഗിച്ചോ നടത്തേണ്ട വകുപ്പ് പ്രോഗ്രാമുകളായ രോഗപ്രതിരോധ കുത്തിവെപ്പ് പോലുള്ള പ്രവർത്തനങ്ങൾക്ക് പദ്ധതി ആവിഷ്കരിച്ച് പ്ലാൻ ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/08.08.2017) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവ് തുകയായ 15700/- രൂപ തടസപ്പെടുത്തുന്നു.

ബി)പ്രൊജക്ട് നം.3/17

പകർച്ചവ്യാധി നിയന്ത്രണ പരിപാടി

അടങ്കൽ – 100000 (വികസന ഫണ്ട് – ജനറൽ)

പകർച്ചവ്യാധി നിയന്ത്രണ പരിപാടി എന്ന പദ്ധതിക്കായി വികസനഫണ്ടിൽനിന്നും 100000/-

രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി 18.3.17 തീയതിയിൽ ഗ്രാമപഞ്ചായത്തിൽ വച്ച് നടന്ന വളണ്ടിയർമാർക്കുള്ള പരിശീലനച്ചെലവിനായി ബിൽനം.3/28.3.17 പ്രകാരം 38891/- രൂപ പിൻവലിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ, ആശ വർക്കർമാർ, അങ്കണവാടി വർക്കർമാർ കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകിയതായാണ് റിപ്പോർട്ടിൽ ഉള്ളത്.

താഴെപ്പറയുന്ന ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്

| | |
|---|---|
| നോട്ടീസ് പ്രിന്റിംഗ്- | 3890 |
| മൈക്ക് | 1500 |
| റിഫ്രഷ്മെന്റ് | 10800 |
| വളന്റിയർമാർക്ക് നൽകിയത് | 22701/-<br>(13 പേർക്ക് 1500 വീതവും ഒരാൾക്ക്1600 രൂപയും ഒരാൾക്ക്1601 രൂപയും നൽകിയിരിക്കുന്നു) |

12-ാംപദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തീയതി.11.01.2016 ആരോഗ്യം ഖണ്ഡിക vii പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സർവ്വെകൾ, മറ്റ് വിവര ശേഖരണങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ എന്നിവരിലൂടെയും എൻ.എച്ച്.എം. പരിപാടികൾ വാർഡ് തല ആരോഗ്യ-ശുചിത്വ-പോഷണ സമിതികൾക്ക് ലഭിക്കുന്ന വിവിധ ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു.

ജി.ഒ.(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തീയതി.11.01.2016 മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് രോഗപ്രതിരോധപ്രവർത്തനങ്ങൾ ബോധവൽക്കരണപരിപാടികൾ എന്നിവ ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ എന്നിവരിലൂടെയും എൻ.എച്ച്.എം പരിപാടികൾ, വാർഡുതല ആരോഗ്യശുചിത്വ പോഷണ സമിതികൾക്ക് ലഭിക്കുന്ന വിവിധഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു

വിരുദ്ധമായി വികസന ഫണ്ടിൽ നിന്നുമാണ് പരിശീലനച്ചെലവിന് തുക ചെലവഴിച്ചത്. ശ്രീമതി അജിത.എ (ആശാ വർക്കർ) എന്നയാളിന്റെ അക്കൗണ്ടിലേക്ക് 22701/- രൂപ അനുവദിച്ച് ആയത് ടിയാൾ ഉൾപ്പെടെയുള്ള 15 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വ്യക്തികൾക്ക് തുക അനുവദിച്ചത് എന്ത് പ്രവർത്തനങ്ങൾക്കാണെന്നും തുക കൈപ്പറ്റിയ വ്യക്തികൾ ആരാണെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/08.08.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 38891/- രൂപ തടസപ്പെടുത്തുന്നു.

## 3-7 ആശ്രയ -ഭക്ഷ്യധാന്യ കിറ്റ് വിതരണം പദ്ധതി കാര്യക്ഷമമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 100000/-(വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് - 100000/-

ട്.ബിൽ നം. - 13/16-17 100000/- തി. 25-02-17

2016-17 സാമ്പത്തിക വർഷത്തിൽ ആശ്രയപദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പക്കുന്നതിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 100000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 27-02-17 തിയതിയിൽ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 59820/-രൂപയാണ് ആശ്രയ പദ്ധതിക്ക് വേണ്ടി ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ഭക്ഷ്യ ധാന്യ കിറ്റ് വിതരണമാണ് പദ്ധതിയിലൂടെ ചെയ്തിരിക്കുന്നത്.

03/2017, 04/17, 05/17 എന്നീ മാസങ്ങളിലാണ് ഭക്ഷ്യ ധാന്യകിറ്റ് വിതരണം ചെയ്തിരിക്കുന്നത്. അക്കൗണ്ടിൽ 40180/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട് തുടർന്നുള്ള മാസങ്ങളിൽ നാളിതു വരെയും കിറ്റ് വിതരണം ചെയ്തിട്ടില്ല. ഫണ്ട് പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി ആശ്രയ ഗുണഭോക്താക്കൾക്കായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 12/10-08-17).

## 3-8 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ നടന്ന

## പ്രവർത്തനങ്ങളുടെ അവലോകനം

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 15400/-രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/-രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.

കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം.2235/2016 /തസ്വഭവ തിയ്യതി 25.7.2016-ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

2016-17 വർഷത്തിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

പ്രോജക്റ്റ് നമ്പർ.1 /17- വ്യക്തിഗത കക്കൂസ് നിർമ്മാണം

അടങ്കൽ -6491200/- (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് - 6491200 + 408000/- 2015-16 സാമ്പത്തിക വർഷം കക്കൂസ് നിർമ്മാണം - 54/16 പ്രോജക്ട് നടപ്പാക്കുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ടി.എസ്.സി അക്കൗണ്ടിൽ നിക്ഷേപിച്ചതിൽ ബാക്കി നിൽക്കുന്ന തുക)

ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് ചെലവഴിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/16-17/ 20.8.16 | 324000 |
| 2 | 2/16-17/ 20-08-16 | 318000 |
| 3 | 3/ 16-17/08-09-16 | 792000 |
| 4 | 4/16-17/23-09-16 | 1455400 |
| 5 | 5/16-17/ 04-10-16 | 2464000 |
| 6 | 6/16-17/04-11-16 | 1137800 |

| | |
|---|---|
| ആകെ | 6491200 |

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്ത് 448 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 436 പേർക്ക് 15400/- രൂപ വീതവും 10 പേർക്ക് 7700/- രൂപ വീതം ഒന്നാം ഗഡുവും നൽകിയിട്ടുണ്ട്. 2 പേർ ധന സഹായം കൈപ്പറ്റിയിട്ടില്ല (നിർമ്മാണം നടത്തിയിട്ടില്ല).

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷൻ മുഖേന 4032000/-രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചയത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | 122634/27.12.16 | 1881600 | തനത് ഫണ്ട് ട്രഷറി എസ്.ടി.എസ്.ബി അക്കൗണ്ട് |
| 2 | 111505/17.3.17 | 2150400 | |
| ആകെ | | 4032000 | |

സി. കേന്ദ്രഫണ്ടിന്റെ വിനിയോഗ വിവരം

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ 1681600/- രൂപ വകയിരുത്തി ഭവനപുനരുദ്ധാരണം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള തുടർ പദ്ധതികളുടെ നടത്തിപ്പ് ഊർജ്ജിതമാക്കേണ്ടതാണ്.കേന്ദ്ര ഫണ്ടിലെ ബാക്കി തുക ഉചിതമാർഗ്ഗേന തിരിച്ചടക്കേണ്ടതാണ്.

തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.16/11.8.17).

## 3-9 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2016-17 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 47/17 | ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 16/16.2.17 | 103505 | KSEB, കൊഴിഞ്ഞാമ്പാറ |
| | | | 23/27.3.17 | 40299 | |
| 2 | 34/17 | തെരുവ് വിളക്ക് ലൈൻനീട്ടൽ, പോസ്റ്റ് മാറ്റി കമ്പി വലിക്കൽ | 24/31.3.17 | 412000 | KSEB, കൊഴിഞ്ഞാമ്പാറ |
| | | | 25/31.3.17 | 6196 | |
| | | | 3012141/28.3.17 | 3467 | |
| 3 | 62/17 | പൈപ്പ് ലൈൻ നീട്ടൽ നിക്ഷേപ പ്രവൃത്തി | 17/10.2.17 | 800000 | KWA, കൊഴിഞ്ഞാമ്പാറ |
| 4 | 62/17 | പൈപ്പ് ലൈൻ നീട്ടൽ | 17/16.2.17 | 800000 | KWA, കൊഴിഞ്ഞാമ്പാറ |
| 5 | 154/17 | സമ്പൂർണ വൈദ്യുതീകരണം | 3012134/17.3.17 (തനത് ഫണ്ട് ചെക്ക്) | 62400 | അസി.എഞ്ചിനീയർ KSEB, നാട്ടുകൽ |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

# 3-10 സംയുക്തപദ്ധതികൾക്കായി ലഭ്യമായ വിഹിതങ്ങൾ വിനിയോഗിച്ചിട്ടില്ല

എ)അങ്കണവാടി പോഷകാഹാര പദ്ധതി -കേന്ദ്രഫണ്ട്

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 2165177/- രൂപ ചെലവഴിക്കാതെ സെൻട്രൽ ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 764141 |
| വരവ് | 948979 (Treasury TSB A/c.) |
| | 608667 (Indian Bank |

| | |
|---|---|
| | (A/c.No.549140502) |
| ആകെ | 2321787 |
| ചെലവ് | 156610 |
| നീക്കിയിരുപ്പ് | 2165177 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) പെയിൻ & പാലിയേറ്റീവ് എന്ന പദ്ധതിക്കായി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 200000/-രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

പദ്ധതി തയ്യാറാക്കി തുക വിനിയോഗിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/5.8.17, 22/15.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-11 പാടശേഖര സമിതികൾക്ക് വീഡ്കട്ടർ - അപാകതകൾ

പ്രൊജക്ട് നം. 44 – വീഡ്കട്ടർ

അടങ്കൽ -560000 (പ്ലാൻ ജനറൽ)

ചെലവ് - ₹. 223251 (ബിൽ നം. 5/29.3.17)

– ₹. 89299 (ഗുണഭോക്തൃ വിഹിതം)

-------------

₹.312550

========

നിർവഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പഞ്ചായത്തിനു കീഴിലെ 14 പാടശേഖര സമിതികൾക്ക് വീഡ്കട്ടറുകൾ വിതരണം ചെയ്യുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും ₹.223251/-, ഗുണഭോക്തൃ വിഹിതം ₹.89299 എന്നിവ ഉൾപ്പെടെ ₹.312550 രൂപ RAIDCOയ്ക്ക് (Transfer Credit – SBI, Kannur, A/c. No. 30907888775 - ₹. 223251, Dist. Co-op. Bank, Palakkad A/c. No. 00302030000022 - ₹. 89299) നൽകിയിട്ടുണ്ട്. 14 പാടശേഖര സമിതികൾക്ക് വീഡ്കട്ടറുകൾ കൈമാറിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തിയതി, 11.1.2016 പ്രകാരം സമിതികൾക്ക് നൽകുന്ന യന്ത്രങ്ങളുടെ ഉടമസ്ഥത തദ്ദേശ ഭരണ സ്ഥാപനത്തിനായിരിക്കുന്നതും വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാകുന്നു. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും അവ നൽകപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. കൂടാതെ സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 25% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ വേണം. സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ പാടശേഖര സമിതികളുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.6/7.8.17ന് നടപടി സ്വീകരിച്ച് വിവരം അറിയിക്കാം എന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ -മുഴുവൻ സൈക്കിളുകളും വിതരണം ചെയ്തിട്ടില്ല

പ്രൊജക്ട് നം.103/17 -എസ്.ടി. സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ - 100000/- (പ്ലാൻ -ടി.എസ്.പി.)

ബിൽ നം.16/24.3.17 – 93100/-
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

എസ്.ടി. വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ലഭ്യമായ 3 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സഫാരി ട്രേഡിംഗ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇൻവോയ്സ് നം.61/15.3.17 പ്രകാരം ആൺകുട്ടികൾക്കുള്ള 12ഉം പെൺകുട്ടികൾക്കുള്ള 7ഉം സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്

(19x4900=93100). ബിൽ തുക ₹.93100/- സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം.6320423123, Indian Bank) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1) ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തിയതി 11.1.2016 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം സൈക്കിൾ നൽകേണ്ടത്. സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്.

2) 19 ഗുണഭോക്താക്കളെയാണ് സൈക്കിളുകൾ വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിൽ 8 ആൺകുട്ടികൾക്കും 6 പെൺകുട്ടികൾക്കുമാണ് സൈക്കിൾ വിതരണം ചെയ്തിരിക്കുന്നത്. 5 സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല (4എണ്ണം -ആൺകുട്ടികൾ, 1 എണ്ണം -പെൺകുട്ടികൾ). പരിശോധനയിൽ സൈക്കിളുകൾ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഫോട്ടോ ചേർക്കുന്നു.



ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/15.8.17ന് 4 പേർ സൈക്കിളുകൾ കൈപ്പറ്റി എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. സൈക്കിളുകൾ വിതരണം ചെയ്ത് രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ₹. 24500/-

തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 മൃഗാശുപത്രിക്ക് മരുന്ന് - രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം. 55 – മൃഗാശുപത്രിക്ക് മരുന്ന്

അടങ്കൽ - 100000 -പ്ലാൻ(ജനറൽ)

100000- മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

--------------

ആകെ -200000/-

============

നിർവഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനു വേണ്ടി ട്രഷറി ബിൽ നം. 1/16-17 തിയതി, 30.3.17 പ്രകാരം 100000/- രൂപയും 2/16-17 തിയതി, 30.3.17 പ്രകാരം 100000/-രൂപയും പിൻവലിച്ച് Vet Venture Deepakam Centre, പാളയപേട്ട, പാലക്കാട് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (SBI, മരുതറോഡ് No. 35006263056) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മരുന്ന് വാങ്ങിയതിന്റെ രേഖകൾ, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ ജില്ലയിലെ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കാവുന്നത്. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മരുന്ന് വാങ്ങിയതിന്റെ രേഖകൾ, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ₹.200000/- രൂപയുടെ ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു (ഓഡിറ്റ് എൻക്വയറി നം.20/15.08.17).

## 3-14 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം.31 -ഭവന നിർമ്മാണം (എസ്.സി.പി)

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ഭവന നിർമ്മാണം (എസ്.സി.പി) എന്ന പദ്ധതി നടത്തിപ്പിനു വേണ്ടി വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും 900000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ടി ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ | അർഹമായ | നൽകിയ | ട്രഷറി ബിൽ | നൽകുവാൻ |
|---|---|---|---|---|

| പേര് | ധനസഹായം | തുക | നമ്പർ/തീയതി | ബാക്കിയുള്ള തുക |
|---|---|---|---|---|
| ഈശ്വരി, W/o.ശിവകുമാർ, കൊഴിഞ്ഞാമ്പാറ | 300000 | 30000<br>90000<br>90000<br>60000 | 4/23.01.17<br>7/17.02.17<br>12/17.03.17<br>25/30.03.17 | 30000 |
| | ആകെ | **270000** | | |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/15.8.17-ന് ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ₹. 30000/- ഉടൻ നല്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2017-18 പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 28 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ 25 എണ്ണം സ്വന്തമായി കെട്ടിടമുള്ളതും 3 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമുള്ള 25 അംഗൻവാടികളിൽ 11കെട്ടിടങ്ങൾ ടെറസ് ആണ്. 14 എണ്ണം ഓടിട്ട കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 16 അംഗൻവാടികളിൽ വയറിംഗ് ചെയ്തിട്ടുണ്ടെങ്കിലും 2 അംഗൻവാടികളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. 15 അംഗൻവാടികളിൽ മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 7 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ള സൗകര്യം ഉള്ളത്. 25 അംഗൻവാടികളിൽ ടോയ് ലറ്റ് സൗകര്യം ഉള്ളതിൽ 5 എണ്ണം ബേബി ഫ്രണ്ട്ലി ടോയ് ലറ്റുകളാണ്.

പൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതം ഇനത്തിൽ ₹.2165177 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഈ തുക വിനിയോഗിക്കേണ്ടതും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി). ഫിറ്റനസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1, 2, 3 എന്നിവ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേ ണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രാകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനിയർ/ ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/5.8.17ന് 28 അംഗൻവാടികളും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് തരുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ കൊടുത്തിരുന്നുവെങ്കിലും ലഭ്യമായില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2015-16, 2016-17 വർഷങ്ങളിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൊഴിഞ്ഞാമ്പാറ ഗവ.യു.പി. മെയിന്റനൻസ് | 800000 | 2 | 3200 | 160 | 28.9.15 |
| 2 | കല്ലരായൻപാളയം റോഡ് റീടാറിംഗ് | 893063 | 4 | 7200 | 360 | 28.9.15 |
| 3 | കല്യക്കപ്പാറ JRY റോഡ് ടാറിംഗ് | 650000 | 4 | 5200 | 260 | 28.9.15 |
| 4 | കുന്നംകാട്ടുപതി എൽ.പി. സ്കൂൾ അടുക്കള ഷെഡ് നിർമ്മാണം | 550000 | 2 | 2200 | 110 | 28.9.15 |
| 5 | വട്ടകൻകുളമ്പ് ചെറിയ നട്ടക്കളം റോഡ് മെറ്റലിംഗ് & ടാറിംഗ് | 542000 | 4 | 4400 | 220 | 28.9.15 |
| 6 | പഞ്ചായത്ത് ഓഫീസ് രണ്ടാം നില നിർമ്മാണം | 1490000 | 2 | 10000 | 500 | 28.9.15 |
| 7 | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാഡിംഗ് | 1462163 | 2 | 10000 | 500 | 28.9.15 |
| 8 | മാർക്കറ്റ് ബിൽഡിംഗ് | 1490000 | 2 | 5000 | 250 | 8.2.17 |
| 9 | പഞ്ചായത്ത് രണ്ടാം നില പൂർത്തീകരണം | 786241 | 2 | 3200 | 160 | 8.2.17 |
| 10 | പെരുംപാറച്ചള്ള അംഗൻവാടി നിർമ്മാണം | 1150000 | 3 | 7500 | 375 | 8.2.17 |
| 11 | കൊഴിഞ്ഞാമ്പാറ വാഹന പാർക്കിംഗ് ഷെഡ് | 1211916 | 3 | 7500 | 375 | 8.2.17 |
| ആകെ | | | | 65400 | 3270 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 65400/-രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-17 ടെന്റർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ ലഭ്യമായ ടെന്റർ ഫോറങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്യുമ്പോൾ ഇവ അസിസറ്റന്റ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. നിർവ്വഹണം നടത്തുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെന്റർ ഫോറത്തിന് 300/- രൂപ മുതൽ 25000/- രൂപ വരെ വില ലഭ്യമാകുമെന്നിരിക്കെ പഞ്ചായത്തിൽ നിന്നും ഇവ ലഭിക്കുന്നതും കരാറുകാർക്ക് വിതരണം ചെയ്യുന്നതും രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.19/15.8.17)

## 3-18 MNREGS – പണിയായുധങ്ങളുടെ വാടകയിനത്തിൽ നൽകിയ ₹.1493074/- ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ പണിയായുധങ്ങളുടെ വാടകയിനത്തിൽ 18 വാർഡുകളിലുള്ള CDS അക്കൗണ്ടുകളിലേക്ക 2014-15 മുതൽ നൽകിയ ₹.1493074/- ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബാങ്ക് - എസ്.ബി.ഐ, കൊഴിഞ്ഞാമ്പാറ

| വാർഡ് | അക്കൗണ്ട് നം. | തുക ₹. |
|---|---|---|
| 1 | 67268525142 | 91632 |
| 2 | 67265585739 | 71791 |
| 3 | 67265585739 | 127523 |
| 4 | 67261292612 | 172355 |
| 5 | 67266524694 | 73508 |
| 6 | 67246145994 | 112997 |
| 7 | 67245930972 | 40948 |
| 8 | 67263513685 | 33642 |
| 9 | 67272794244 | 36393 |
| 10 | 67261265009 | 132069 |
| 11 | 67272947725 | 58873 |

| | | |
|---|---|---|
| 12 | 1793101012893 | 119053 |
| 13 | 67267336213 | 74797 |
| 14 | 67271137132 | 132919 |
| 15 | 67272921183 | 106423 |
| 16 | 67272709531 | 43319 |
| 17 | 67273364979 | 43906 |
| 18 | 67261147507 | 20926 |
| ആകെ | | 1493074 |

ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന ₹.1493074/- ഉചിതമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | - | 200000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരളവാട്ടർഅതോറിറ്റി | SO-62/17പൈപ്പ് ലൈൻ<br><br>നീട്ടൽ | 17/10.2.17 | 800000 | - | 800000 |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 3012134/ 17.3.17 | 62400 | - | 62400 |
| കെ.എസ്.ഇ.ബി | SO-47/17ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 23/27.3.17<br>16/16.2.17 | 143804 | - | 40299<br>103505 |
| കെ.എസ്.ഇ.ബി | SO-134/17<br><br>തെരുവു വിളക്കു ലൈൻ നീട്ടൽ, പോസ്റ്റ് കമ്പി വലിക്കൽ | 4/31.3.17<br>25/31.3.17<br>3012141/ 28.3.17 | 421663 | - | 412000<br>6196<br>3467 |
| ആകെ | | | | | **1427867** |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ലഭ്യമല്ല | 73499000 | 873576 | 873576 | -- | ഇല്ല |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സർവ്വീസ് കോ-ഓപ്പ്റേറ്റീവ് ബാങ്ക്, കണ്ണൻമേട് ബ്രാഞ്ച്, കൊഴിഞ്ഞാമ്പാറ | 1000/-രൂ. (എഫ്.ഡി) |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-11(1),(2) | 2014-15 | 4.1.5<br>4.1.9 | വനിതാ തൊഴിൽപരിശീലനം<br>ഉഴവർചന്ത | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി<br>വിഷയം പരിഗണിച്ചിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76084031.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63434390 |
| വരവിനങ്ങളിലുള്ള നഷ്ടം | 66581 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.279091 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(2) | 14500 | | അമിത.സി.ഒ സെക്രട്ടറി |
| 2-2(3) | 38893 | 14200 | ബീഗം സൈന സെക്രട്ടറി |
| | | 24693 | അമിത.സി.ഒ സെക്രട്ടറി |
| 2-5 | 13188 | 6594 | ബീഗം സൈന സെക്രട്ടറി |
| ആകെ | **66581** | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 54591 | ശ്രീമതി.ഡീന ഡേവിഡ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-12 | 24500 | ശ്രീ. സുരേഷ്.എം, അസിസ്റ്റന്റ് സെക്രട്ടറി , |
| 3-13 | 200000 | ശ്രീ. നാരായണൻ.വി, വെറ്ററിനറി സർജൻ |
| ആകെ | 279091 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അമിത.സി.ഒ,<br>സെക്രട്ടറി | സെക്രട്ടറി,<br>കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | അമിത.സി.ഒ,<br>അമിത സദനം<br>ചാമാംകോട് എസ്റ്റേറ്റ് (പി.ഒ),<br>തിരുവനന്തപുരം |
| ബീഗം സൈന. ബി | സെക്രട്ടറി,<br>കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് | ബീഗം സൈന. ബി,<br>ബിസ്മി കോട്ടേജ്, ജി-24, ഗ്രീൻ ഗാർഡൻ, ഇടപ്പള്ളി ടോൾ,<br>കൊച്ചി |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി.8-706/1999/18-10-1999 | 23 | |
| 1997-98 | എൽ.എഫ്.പി.12-298/2001/7-1-2002 | 5 | |
| 1998-99 | എൽ.എഫ്.പി.12-77/2002/31-3-2002 | 5 | |
| 1999-2000 | എൽ.എഫ്.പി.11-2023(1)/2011/7-12-2011 | 16 | |
| 2000-01 | എൽ.എഫ്.പി.11-1980/2011/16-3-2012 | 18 | |
| 2001-02 | എൽ.എഫ്.പി.11-2023(3)/2011/7-12-2011 | 9 | |
| 2002-03 | എൽ.എഫ്.പി.11-2023(4)/2011/7-12-2011 | 7 | |
| 2003-04 | എൽ.എഫ്.പി.11-2023(5)/2011/7-12-2011 | 22 | |
| 2004-05 | എൽ.എഫ്.പി.11-448/2007/23-4-2007 | 9 | |
| 2005-06 | എൽ.എഫ്.പി.11-1551/2010/6-12-2010 | 24 | |
| 2006-07 | എൽ.എഫ്.പി.11-483/12(1)/4-12-2012 | 4 | |
| 2007-08 | എൽ.എഫ്.പി.11-12/14/7-1-2014 | 3 | |
| 2008-09 | എൽ.എഫ്.പി.11-2002/12/7-10-2013 | 1 | |

| | | | |
|---|---|---|---|
| 2009-10<br>2010-11 | കെ.എസ്.എ-പികെഡി-11/981/2015/<br>9-11-2015 | 5 | |
| 2011-12 | കെ.എസ്.എ-പികെഡി-11/1713/2015 /<br>9-10-2015 | 8 | |
| 2012-13 | കെ.എസ്.എ-പികെഡി-11/167/ 16 / 14-7-2016 | 5 | |
| 2013-14&<br>2014-15 | കെ.എസ്.എ-പികെഡി-11/736/16 / 11-7-2016 | 11 | |
| 2015-16 | നം.കെ.എസ്.എ-പികെഡി11/18/2017<br><br>03-01-2017 | 25 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി11-1715/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
ഫോൺ - 04912420145
e-mail – dopkd.ksad@kerala.gov.in

തിയതി - 30-10-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-11-1715/2017

Kerala State Audit Department

District Audit Office, Palakkad

Dated–30-10-2017

## Audit Certificate

Certified that I have audited the Annual Financial Statement of KOZHINJAMPARA Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of KOZHINJAMPARA Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1) Asset values not ascertained and linked with Sankhya.

Deputy Director